By Spl Messenger

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - കളക്ടറേറ്റുകൾക്ക് ഭരണചെലവിനായി അനുവദിച്ച തുക ആസ്തി വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നത് റദ്ദാക്കുന്നത് സംബന്ധിച്ച് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.150/2017/ധന. തിരുവനന്തപുരം,തീയതി : 20.11.2017

---

പരാമർശം : 1) സ.ഉ.(അ) നം. 86/2017/ധന. തീയതി 04.07.2017
2) സ.ഉ.(അ) നം. 126/2017/ധന. തീയതി 25.09.2017
3) സ.ഉ.(സാധാ) നം. 8308/2017/ധന. തീയതി 03.11.2017

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകൾ കൈകാര്യം ചെയ്യുന്ന കളക്ടറേറ്റുകളിലെ ബന്ധപ്പെട്ട വിഭാഗങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ഭരണപരമായ ചെലവുകൾക്കുമായി ഓരോ എം.എൽ.എ.യുടേയും ആസ്തി വികസന ഫണ്ടായി വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ 0.25% ഭരണചെലവായി കളക്ടർമാർക്ക് അനുവദിച്ചിരുന്നു. ആയതനുസരിച്ച്, 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.മാർക്ക് ശുപാർശ ചെയ്യാവുന്ന പ്രവൃത്തികളുടെ ആകെ അടങ്കൽ തുക 5 കോടി രൂപയിൽ നിന്ന് 4,98,75,000/- രൂപയായി കുറഞ്ഞിരുന്നു. എന്നാൽ ആസ്തി വികസന ഫണ്ടിൽ നിന്നും നിശ്ചിത തുക ഇപ്രകാരം കുറവ് ചെയ്ത് ഭരണ ചെലവായി അനുവദിക്കുന്ന നടപടി പുന:പരിശോധിക്കണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടായി വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ 0.25% കളക്ടറേറ്റുകൾക്ക് ഭരണചെലവായി അനുവദിച്ച പരാമർശം (2) ഉത്തരവിലെ നിർദ്ദേശം പിൻവലിക്കുന്നു. ആയതനുസരിച്ച് ആസ്തി വികസന ഫണ്ടായി പ്രതിവർഷം അനുവദിച്ചിട്ടുള്ള 5 കോടി രൂപ പൂർണ്ണമായും പദ്ധതികൾ ശുപാർശ ചെയ്യുന്നതിനായി എം.എൽ.എ.മാർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കളക്ടറേറ്റുകളുടെ

ഭരണ-കൈകാര്യ ചെലവുകൾക്ക് ആവശ്യമായി വരുന്ന തുക ഇതിനു പുറമെ താഴെപ്പറയുന്ന രീതിയിൽ അനുവദിക്കുന്നു.

i. *ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേക്കായി ഓരോ കളക്ടറേറ്റിലെയും ബന്ധപ്പെട്ട വിഭാഗത്തിന് ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ഒരു ലാപ് ടോപ്പ്, 10,000/- രൂപയിൽ താഴെ വിലയുള്ള ഒരു പ്രിന്റർ, 7,000/-രൂപയിൽ താഴെ വിലയുള്ള ഒരു സ്കാനർ, ഒരു സ്റ്റീൽ റാക്ക് എന്നിവ അനുവദിക്കുന്നു. മറ്റ് ഭരണ-കൈകാര്യ ചെലവുകൾക്കായി ഓരോ കളക്ടറേറ്റിനും പ്രതി വർഷം 50,000/- രൂപ അനുവദിക്കുന്നു.*

ii. *പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഭരണ-കൈകാര്യ ചെലവുകൾക്കുള്ള ആദ്യ ഗഡുവായി ഒരു നിശ്ചിത തുക ഓരോ കളക്ടറേറ്റിനും അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും ഖണ്ഡിക 2 (i) പ്രകാരം അനുവദനീയമാകുന്ന ചെലവ് വഹിക്കേണ്ടതും അധികമായി വരുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.*

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിന്ദുറാണി.സി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
14. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**